**പതിമൂന്നാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1784 06/07/2015 -ൽ മറുപടിയ്ക്ക്**

**ബാറുകളുടെ ലൈസൻസ് പുതുക്കൽ**

| **ചോദ്യം** | **ഉത്തരം** |
|---|---|
| **ശ്രീ.കെ.കെ. നാരായണൻ** | **ശ്രീ. കെ. ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി)** |
| **(എ)** സംസ്ഥാനത്ത് നിലവിൽ ഏതെല്ലാം വിഭാഗത്തിൽപ്പെട്ട എത്രവീതം ബാറുകൾക്ക് ലൈസൻസ് നൽകുകയുണ്ടായിട്ടുണ്ട്; | **(എ)** ഫൈവ് സ്റ്റാർ വിഭാഗത്തിൽപ്പെട്ട 27 ഹോട്ടലുകൾക്ക് നിലവിൽ ബാർ ലൈസൻസ് നൽകിയിട്ടുണ്ട്. |
| **(ബി)** 2014-15 സാമ്പത്തിക വർഷം ലൈസൻസ് പുതുക്കി നൽകിയവ എത്ര; പുതുതായി ലൈസൻസ് നൽകിയവ എത്ര; | **(ബി)** 2014-15 വർഷത്തിൽ 318 ബാർ ലൈസൻസുകൾ പുതുക്കി നൽകിയിരുന്നു. 2014-15-ൽ പുതുതായി 2 ബാർ ലൈസൻസുകൾ നൽകിയിരുന്നു. |
| **(സി)** ലൈസൻസിനുള്ള ഏതെല്ലാം വിഭാഗത്തിൽപ്പെട്ട എത്ര അപേക്ഷകൾ സർക്കാരിന് ലഭിച്ചിട്ടുണ്ട്; ലഭിച്ച എത്ര അപേക്ഷകൾ തള്ളിക്കളഞ്ഞിട്ടുണ്ട്; സർക്കാരിന്റെ പരിഗണനയിലിരിക്കുന്നവ എത്ര; അവ ഏതെല്ലാം; | **(സി)** 2014-15, 2015-16 എന്നീ കാലഘട്ടത്തിൽ ത്രീസ്റ്റാർ വിഭാഗത്തിൽപ്പെട്ട 4-ഉം ഫോർ സ്റ്റാർ വിഭാഗത്തിൽപ്പെട്ട 17-ഉം ഫൈവ് സ്റ്റാർ വിഭാഗത്തിൽപ്പെട്ട 5-ഉം ഉൾപ്പെടെ ആകെ 26 അപേക്ഷകൾ ലഭിച്ചു. ഇവയിൽ ഫൈവ് സ്റ്റാർ ഒഴികെയുള്ള 21 അപേക്ഷകളും തള്ളിക്കളഞ്ഞിട്ടുണ്ട്. ഫൈവ് സ്റ്റാർ അപേക്ഷയിന്മേൽ 5 ബാർ ലൈസൻസുകൾ അനുവദിച്ചിട്ടുണ്ട്. നിലവിൽ സർക്കാരിന്റെ |

പരിഗണനയിൽ ബാർ
ലൈസൻസിനായുള്ള
അപേക്ഷകൾ ഒന്നും തന്നെയില്ല.

| | |
|---|---|
| (ഡി) വൈൻ/ബിയർ പാർലർ ലൈസൻസിനുള്ള എത്ര അപേക്ഷ ഈ വർഷം ലഭിച്ചു;എത്ര പേർക്ക് ലൈസൻസ് നൽകുകയുണ്ടായി; പരിഗണനയിലിരിക്കുന്നവ എത്ര; വ്യക്തമാക്കാമോ? | (ഡി) ബിയർ/വൈൻ പാർലർ ലൈസൻസിനായുള്ള 7 അപേക്ഷകൾ ഈ വർഷം ലഭിച്ചു. അതിൽ 5 പേർക്ക് ലൈസൻസ് നൽകുകയുണ്ടായി.2 അപേക്ഷകൾ സർക്കാരിന്റെ പരിഗണനയിലാണ്. |

**സെക്ഷൻ ഓഫീസർ**